ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റിന്റെ നിയമനം

1804 [2729] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാരെ ഡയറി ഡിപ്പാർട്ടുമെന്റിൽ നിയമിക്കണമെന്ന വ്യവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡയറി ഡിപ്പാർട്ടുമെന്റിൽ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാരെ ആരെയെങ്കിലും നിയമിച്ചിരുന്നുവോ ;

(സി) പുതുതായി ആരെയെങ്കിലും നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) അങ്ങനെ യാതൊരു വ്യവസ്ഥയും നിലവിലില്ല.

(ബി) പ്രത്യേക തൊഴിൽദിന പദ്ധതിയനുസരിച്ച് 1972-73 ൽ സി. ഐ. എ. മാരെ ക്ഷീര വികസന വകുപ്പിൽ നിയോഗിച്ചിട്ടുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുക എന്ന അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്.

(സി) ഇല്ല.

പഞ്ചായത്ത് തെരഞ്ഞെടുപ്പ് ക്രമീകരണം

1805 [2730] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തു, ദേവസ്വവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) സ.സ്ഥാനത്ത് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താനുള്ള ക്രമീകരണങ്ങളും പൂർത്തിയായിട്ടുണ്ടെന്ന് പഞ്ചായത്തു ഡയറക്ടർ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(ബി) പ്രസ്തുത കത്തുകളിൽ എന്നത്തേയ്ക്ക് തെരഞ്ഞെടുപ്പു നടത്താൻ കഴിയുമെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരുന്നുവോ, എങ്കിൽ എന്നത്തേയ്ക്ക് ;

(സി) പഞ്ചായത്തു ഡയറക്ടറുടെ നിർദ്ദേശങ്ങൾ അംഗീകരിക്കാതിരിക്കാനുള്ള കാരണമെന്താണ് ;

(ഡി) വില്ലേജ് അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അപ്രകാരം പുതുതായി എത്ര പഞ്ചായത്തുണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) പുതിയ പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടവും സ്ഥലവും ഉണ്ടാക്കുവാനും ഉദ്യോഗസ്ഥൻമാരുടെ ശമ്പളമിനത്തിലുമെല്ലാമായി എത്ര സംഖ്യ കൂടുതലായി ചെലവഴിക്കേണ്ടതായി വരും ?

ഉത്തരം

(എ) അറിയിച്ചിട്ടില്ല. വാർഡ് വിഭജനം പൂർത്തിയാക്കൽ, വോട്ടർ പട്ടിക തയ്യാറാക്കൽ, തെരഞ്ഞെടുപ്പു വിജ്ഞാപന തീയതി, പോളിംഗ് തീയതി എന്നിവ കാണിച്ചുകൊണ്ടുള്ള പ്രോഗ്രാം പട്ടികകൾ മാത്രമാണ് പഞ്ചായത്ത് ഡയറക്ടർ ഗവൺമെന്റിന് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly